Condolence

Uncorrected/Not for publication
29-09-2025

**അനുശോചനം**

തമിഴ്നാട്ടിലെ കരൂരിൽ 41 പേർ മരിച്ച സംഭവം

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രി കഴകം സംഘടിപ്പിച്ച റാലിക്കിടെ ഉണ്ടായ തിക്കിലും തിരക്കിലുംപെട്ട് 41-പേർ മരണമടഞ്ഞ സംഭവം അത്യന്തം ദാരുണവും ഹൃദയഭേദകവുമാണ്. മരിച്ചവരിൽ 10 കുട്ടികളും 18 സ്ത്രീകളും ഉൾപ്പെടുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. 110-ലെറെ പേർ പരിക്കേറ്റ് ആശുപത്രിയിലാണെന്നും അതിൽ 12 പേരുടെ നില അതീവ ഗുരുതരമാണെന്നുമാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ പറയുന്നത്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ സഹോദരീ സഹോദരന്മാരുടെ വേദനയിലും ദുഃഖത്തിലും കേരള നിയമസഭ അനുശോചനം രേഖപ്പെടുത്തുന്നു. പരിക്കേറ്റവർ എത്രയുംപെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്ന് ആശംസിക്കുന്നു. തീർത്തും ഒഴിവാക്കപ്പെടാമായിരുന്ന ഇത്തരത്തിലൊരു ദുരന്തത്തിൽപ്പെട്ട് അകാല ചരമമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ തീരാദുഃഖത്തിൽ കേരള നിയമസഭ ഒന്നാകെ പങ്കുചേരുന്നു.